**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4399** **28-10-2021 - ൽ മറുപടിയ്ക്ക്**

**കടാശ്വാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എച്ച്. സലാം** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവയിൽ 2016-21 കാലയളവിൽ കർഷക കടാശ്വാസത്തിന് അർഹതയുണ്ടെന്ന് കണ്ടെത്തിയ വായ്പകളിൽ കടാശ്വാസം വഴി എത്ര തുക എത്ര പേർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കർഷക കടാശ്വാസ കമ്മീഷൻ വഴി വിവിധ സഹകരണ ബാങ്കുകളിൽ/സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ള കർഷകർക്കായി അനുവദിച്ച കടാശ്വസ തുക അനുബന്ധം 1ആയി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി,പട്ടികവർഗ്ഗ, പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളിൽപ്പെട്ട ഉണഭോക്താക്കൾക്ക് കടാശ്വാസ പദ്ധതി പ്രകാരം 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ വിതരണം ചെയ്ത തുക എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള സംസ്ഥാനത്തിലെ പട്ടികജാതി ജനവിഭാഗം സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകൾക്ക് ഒരുലക്ഷം രൂപ വരെ കടാശ്വാസം അനുവദിച്ച് നൽകുന്ന പദ്ധതി പ്രകാരം അനുവദിച്ച തുക ചുവടെ ചേർക്കുന്നു. വർഷം അനുവദിച്ച തുക 2021-21 2,48,75,491/- 2021-22 വിതരണം ചെയ്തിട്ടില്ല |
| (സി) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് മത്സ്യത്തൊഴിലാളി കടാശ്വാസമായി 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക എത്ര പേർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | മത്സ്യത്തൊഴിലാളി കടാശ്വാസമായി 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം 1</u>**

| വർഷം | അനുവദിച്ച തുക | അവാർഡ് എണ്ണം |
|---|---|---|
| 2016-17 | 20 കോടി | 7480 |
| 2017-18 | 19,76,64,765 | 7949 |
| 2018-19 | 2,86,37,258 | 1173 |
| 2019-2020 | 1,87,12,456 | 493 |
| 2020-21 | 17,00,82,412 | 7115 |

**<u>അനുബന്ധം 2</u>**

| വർഷം | അനുവദിച്ച തുക | വായ്പ എണ്ണം |
|---|---|---|
| 2020-21 | 57,24,756/- | 287 |
| 2021-22 | 12,62,847/- രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. | |